A

502

സമഗ്ര ശിക്ഷാ കേരളം

# ആത്യന്തിക വിലയിരുത്തൽ II 2025-2026

കേരള പാഠാവലി

ക്ലാസ്: 5

സമയം: 2മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

**(1) വായിക്കാം, എഴുതാം**

പറന്നു പറന്ന് മരക്കൂട്ടങ്ങളും കോടമഞ്ഞും പിന്നിട്ട് ആ ദേശാടനപ്പക്ഷി മുന്നോട്ടു പോയി. പല കാലങ്ങളായി ഈ യാത്ര തുടങ്ങിയിട്ട്. പൂർവികർ കാണിച്ചു തന്ന ആകാശപാതയിലൂടെ വഴി തെറ്റാതെ പറക്കാൻ ദേശാടനപ്പക്ഷിക്കു കഴിയും. അകക്കണ്ണിന്റെ വെളിച്ചത്തിൽ, രാത്രിയുടെ പകുതിയും വലിയ ചിറകുകളുടെ കരുത്തിൽ കാറ്റിനെ തോൽപ്പിച്ച് പകലത്രയും പറന്നെത്തുന്നത് തനിക്ക് ഏറ്റവും പ്രിയപ്പെട്ട ആ മരക്കൊമ്പിലേക്കാണ്. വറ്റാത്ത ചോലയുടെ മീതേ ചാഞ്ഞു നിൽക്കുന്ന ചുവന്ന പൂക്കൾ നിറഞ്ഞ മരക്കൊമ്പിന്റെ നിറമുള്ള തണലിലേക്ക്. വർഷത്തിലൊരിക്കൽ മാത്രം പൂവിടുന്ന ആ മരക്കൊമ്പിന്റെ സൗന്ദര്യത്തിലേക്ക്. സ്വന്തം ഹൃദയത്തിലേക്ക്. അപ്പോൾ മാത്രമാണ് ആ പക്ഷി പറന്നെത്തുന്നത്.

(ദേവനന്ദ)

a) ദേശാടനപ്പക്ഷിക്ക് രാത്രിയുടെ പകുതിയോളം സഞ്ചരിക്കാൻ സഹായം നൽകുന്നത്?

A. കാറ്റ്

B. മരക്കൂട്ടം

C. കോടമഞ്ഞ്

D. അകക്കണ്ണ്

b) വഴിതെറ്റാതെ ലക്ഷ്യത്തിലെത്താൻ ദേശാടനപ്പക്ഷിക്കു കഴിയുന്നതിനുള്ള കാരണമെന്ത്?

A. പൂർവ്വികർ

B. രാത്രി

C. കാറ്റ്

D. പകൽ

c) ദേശാടനപ്പക്ഷിയുടെ യാത്രയുടെ ലക്ഷ്യമെന്താണ്?

A. കാറ്റിനെ തോൽപ്പിക്കുക

B. രാത്രിയിൽ പറക്കുക

C. ചിറകിന്റെ കരുത്തു കാട്ടുക

D. മരക്കൊമ്പിലെത്തുക

d) എപ്പോഴൊക്കെയാണ് ദേശാടനപ്പക്ഷി ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്നത്?

A. മാസത്തിലൊരിക്കൽ

B. വർഷത്തിലൊരിക്കൽ

C. കോടമഞ്ഞിറങ്ങുമ്പോൾ

D. വർഷം മുഴുവൻ

e) "ആ മരക്കൊമ്പിലേക്ക്... സ്വന്തം ഹൃദയത്തിലേക്ക്" - ഈ പ്രയോഗത്തിലൂടെ വെളിവാകുന്നതെന്ത്?

i. വറ്റാത്ത ചോലയെ അത്യധികമിഷ്ടമാണ്.

ii. ചുവന്ന പൂക്കൾ നിറഞ്ഞ ചാഞ്ഞ മരക്കൊമ്പ് പ്രിയപ്പെട്ടതാണ്.

iii. ആ മരത്തെയും പൂക്കളെയും ചുറ്റുപാടും ഏറെ ഇഷ്ടമാണ്.

A. ഒന്നാമത്തെ പ്രസ്താവനയാണ് ശരി

B. ഒന്നും മൂന്നും പ്രസ്താവനകളാണ് ശരി

C. മൂന്നാമത്തെ പ്രസ്താവനയാണ് ശരി

D. മൂന്നു പ്രസ്താവനകളും ശരിയാണ്

**(2A)** സാങ്കല്പികാനുഭവം

"പാറിയുയരുമ്പോളേതു പറവയും
പാടുവാനെന്തെന്നറിഞ്ഞോൻ"

ഉയരങ്ങളിൽ പറക്കുമ്പോൾ ഉണ്ണിക്കു പാടുവാൻ തോന്നുന്നു. ചിറകൊച്ചയല്ലാതെ മറ്റൊന്നും കേൾക്കാത്ത അവസ്ഥയിൽ ഏതു പറവയും പാടാൻ പഠിക്കുമത്രേ. നിങ്ങൾ മേഘങ്ങൾക്കു മീതേ പറക്കുകയാണെന്ന് സങ്കല്പിക്കുക. എന്തായിരിക്കും അനുഭവങ്ങൾ. ഭാവനയിലെ ആകാശ യാത്രയെക്കുറിച്ച് വിവരണം തയ്യാറാക്കുക.

**(2B)** 'അണക്കെട്ടമ്മേ' എന്ന് അഖിലും അമ്മുവും വിളിയ്ക്കാനുള്ള കാരണമെന്ത്?

i. സർപ്പ ശിരസ്സു പോലെ മറ പിടിച്ചതിനാൽ.

ii. അണക്കെട്ടിന്റെ സൗന്ദര്യം അറിഞ്ഞതിനാൽ.

iii. വെള്ളത്തിന്റെ തണുപ്പ്ഭിത്തി ഭേദിച്ച് അവർക്കരികിലെത്തിയപ്പോൾ.

iv. കാതുകളിൽ പ്രപഞ്ചത്തിന്റെ ഇരമ്പം അറിഞ്ഞപ്പോൾ.

A. i ശരിയാണ്

B. ii ഉം iv ഉം ശരിയാണ്

C. iii മാത്രം ശരി

D. iv മാത്രം ശരി

**(2C)** പ്രസ്താവന - 1 : സമുദ്ര നിരപ്പിൽ നിന്ന് ഏഴായിരം അടി ഉയരത്തിലാണ് കൊടൈക്കനാൽ.
പ്രസ്താവന - 2 : കൊടൈക്കനാൽ ഒരു സുഖവാസ കേന്ദ്രമാണ്.
പ്രസ്താവന -3 : ഒമ്പതിനായിരം അടി ഉയരത്തിലുള്ള ഈ പ്രദേശം ക്രൂരമൃഗങ്ങളുടെ വിഹാര കേന്ദ്രമാണ്. കൊടൈക്കനാലിനെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായവ ഏത്.

A. പ്രസ്താവന ഒന്നും മൂന്നും ശരി

B. പ്രസ്താവന രണ്ടും മൂന്നും ശരി

C. പ്രസ്താവന മൂന്നു മാത്രം ശരി

D. പ്രസ്താവന ഒന്നും രണ്ടും ശരി

ചുവടെ കൊടുത്ത (3A), (3B)എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.

**(3A)** മഴയനുഭവം

"ലില്ലി കരഞ്ഞു കൊണ്ട് മുന്നോട്ടോടി അവളുടെ കുരുന്നു മുഖത്ത് മഴത്തുള്ളികൾ ചരൽക്കല്ലുകൾ പോലെ അടിച്ചു കൊണ്ടേയിരുന്നു. അവളുടെ കുഞ്ഞു പാദങ്ങളെ തലോടിക്കൊണ്ട് കലക്കവെള്ളം പാഞ്ഞു."

മുട്ടത്തുവർക്കിയുടെ "ഒരു കുടയും കുഞ്ഞു പെങ്ങളും" എന്ന കൃതിയിലെ ലില്ലി മഴനനയുന്ന അനുഭവമാണ് ഇവിടെ കണ്ടത്. അപ്രതീക്ഷിതമായി വന്നെത്തുന്ന മഴ നമ്മളെ ചിലപ്പോൾ കരയിപ്പിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്യും. നിങ്ങളുടെ മഴയനുഭവം എഴുതുക.

അല്ലെങ്കിൽ

**(3B)** യാത്രാനുഭവം

"ഇഴഞ്ഞിഴഞ്ഞ് ഉയരം കയറുന്ന ബസ്സിനുള്ളിലിരുന്ന് വെളിയിലേക്ക് നോക്കിയപ്പോൾ ഞാനീ ഭൂമിയിൽ നിന്നും അകലുകയാണെന്ന് തോന്നി. ആകാശത്തേക്ക് ഉയരുകയാണെന്നും". കെ. തായാട്ടിന്റെ യാത്രാനുഭവം പരിചയപ്പെട്ടല്ലോ. കുടുംബത്തോടൊപ്പമോ കൂട്ടുകാർക്കൊപ്പമോ നിങ്ങൾ നടത്തിയിട്ടുള്ള യാത്രകളിൽ, മനസ്സിൽ പതിഞ്ഞ യാത്രാനുഭവം എഴുതുക.

ചുവടെ കൊടുത്ത (4A), (4B)എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.

**(4A)** കഥാപാത്രപരിചയം

'നീർനാഗം' എന്ന പാഠത്തിൽ ബഷീർ ഒരു പാമ്പുകളിക്കാരനെക്കുറിച്ച് പരാമർശിക്കുന്നുണ്ടല്ലോ. ആ കഥാപാത്രത്തിന്റെ പ്രത്യേകതകൾ, സ്വഭാവരീതികൾ, സംഭാഷണത്തിന്റെ സവിശേഷത എന്നിവ ഉൾപ്പെടുത്തി കഥാപാത്രത്തെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

**(4B)** കഥാപാത്രപരിചയം

വെള്ളത്തൂവൽ ഗ്രാമത്തിലെ മുതിരപ്പുഴയുടെ തീരത്തെ രാജനെ ഇപ്പോൾ നിങ്ങൾക്കു നല്ല പരിചയമുണ്ട്. രാജനെയും ഭാര്യയെയും അറിയാത്തവരാണ് മറ്റുള്ളവർ.

രാജനെയും കുടുംബത്തെയും അവർക്കു പരിചയപ്പെടുത്തുന്ന കുറിപ്പു തയ്യാറാക്കുക.

**(5)** വർണ്ണന

'അന്തിക്കു വാനിന്റെ വക്കത്തു നിൽക്കുന്നു

ചെന്തീയുടുപ്പിട്ട സൂര്യൻ" - ബാലാമണിയമ്മ അസ്തമയ സൂര്യനെ 'ചെന്തീയുടുപ്പിട്ട' എന്നാണ് വർണ്ണിക്കുന്നത്. മനോഹരമായ അസ്തമയ വർണ്ണന പാഠഭാഗത്തു നിങ്ങൾ പരിചയപ്പെട്ടല്ലോ. നിങ്ങൾ കാണുന്ന പ്രഭാതത്തെയോ സന്ധ്യയെയോ രാത്രിയെയോ വർണ്ണിച്ചെഴുതുക.

**(6)**കത്ത്

'ഉയരങ്ങളിലേക്കൊരു യാത്ര' എന്ന പാഠഭാഗം ആരംഭിക്കുന്നത് "പ്രിയമുള്ള മകനേ" എന്ന സംബോധനയോടെയാണ്. മകന്റെ ചിന്തകളിൽ അവ ചിത്രങ്ങളായി പതിയും. തായാട്ടിന്റെ യാത്രാനുഭവം നിങ്ങളിൽ ഉണ്ടാക്കിയ ചിന്തകളും അനുഭൂതികളും അറിവുകളും വിശദീകരിച്ച് കൂട്ടുകാരന് കത്ത് തയ്യാറാക്കുക.